(എ) വാളയാർ സിമൻറ് ഫാക്ടറി പ്രവർത്തനം തുടങ്ങുമ്പോൾ അവിടെ എത്ര പേർക്ക് തൊഴിൽ കിട്ടാൻ സാദ്ധ്യതയുണ്ട്;

(ബി) ഈ ഫാക്ടറിയിലേക്കുള്ള നിയമനത്തിന് ഗവൺമെൻറിൽനിന്ന് ഒരു കമ്മിറ്റിയെ നിയമിക്കുമോ?

ഉത്തരം

(എ) ഉൽപ്പാദനം തുടങ്ങുമ്പോൾ 1000 പേർക്ക് നേരിട്ട് ജോലി ലഭിക്കാൻ സാദ്ധ്യതയുണ്ട്.

(ബി) കമ്പനിയിലെ നിയമനത്തിന് ബോർഡ് ഓഫ് ഡയറക്ടർമാർക്കാണ് ചുമതല. ആവശ്യാനുസരണം ബോർഡിന് യുക്തമെന്നുതോന്നുന്ന കമ്മറ്റികളും രൂപീകരിക്കാവുന്നതാണ്.

വനം വകുപ്പിൻെറ കീഴിലുള്ള വിറകുഡിപ്പോ

887 [1377] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൻെറ കീഴിലുള്ള വിറകു ഡിപ്പോകൾ ഏതെല്ലാം ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡിപ്പോകൾ തുറക്കാത്ത ജില്ലകളിൽ ഉടൻതന്നെ ഡിപ്പോ തുറക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ;

(സി) സാധാരണക്കാർക്ക് ചുരുങ്ങിയ വിലയ്ക്ക് വിറക് ലഭിക്കുവാൻ വേണ്ടി താലൂക്കുകൾതോറും വിറകു ഡിപ്പോകൾ തുറക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(ഡി) താലൂക്കുകൾതോറും ഡിപ്പോകൾ തുറക്കാൻ ഉദ്ദേശമുണ്ടെങ്കിൽ ഈ പദ്ധതി എന്നു നടപ്പിൽവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വനം വികസന കോർപ്പറേഷൻെറ കീഴിൽ ഇപ്പോൾ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ വിറകു ഡിപ്പോകൾ ഉണ്ട്.

(ബി) മറ്റു ജില്ലാ ആസ്ഥാനങ്ങളിലും വിറകു ഡിപ്പോകൾ തുടങ്ങുന്നതിനുള്ള പദ്ധതി ഉണ്ട്.

(സി, ഡി) താലൂക്കുകൾതോറും വിറകു ഡിപ്പോകൾ തുറക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഇല്ല.

പുതിയ സിമൻറ് ഫാക്ടറി

888 [1379] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുയ്യന്നൂരിൽ ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന സിമൻറ് ഫാക്ടറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും.

(ബി) കാലതാമസത്തിന് കാരണം എന്ത്?

LIBRARY ARCHIVES Kerala Legislative Assembly